മലയാള മനോരമ
ESTABLISHED 1888

**11 November 2018**

# ആഴക്കടൽ മൽസ്യബന്ധനം: പദ്ധതികൾക്ക് കേന്ദ്ര സഹായം വേണമെന്ന് മുഖ്യമന്ത്രി

## മൽസ്യബന്ധന പരിധി ഉയർത്തണമെന്ന് ആവശ്യപ്പെടുമെന്നു മന്ത്രി മേഴ്സിക്കുട്ടിയമ്മ

**മനോരമ ലേഖകൻ**

കൊച്ചി● ആഴക്കടൽ മൽസ്യബന്ധനം ജനകീയമാക്കുന്നതിനു സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്യുന്ന പദ്ധതികളോടു കേന്ദ്ര സർക്കാരിൽ നിന്ന് ഉദാര സമീപനമുണ്ടാകണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. അമിത മൽസ്യബന്ധനവും ട്രോളിങ് നിരോധവും സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കപ്പെടുന്നതിനു കേന്ദ്ര, സംസ്ഥാന സർക്കാരുകളും കേന്ദ്രഭരണ പ്രദേശങ്ങളും ഏകീകൃതമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം. മൽസ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ബാധിക്കാതിരിക്കുന്നതിനു നിയമ പരിരക്ഷ വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനങ്ങൾക്കു മൽസ്യബന്ധനത്തിനുള്ള അവകാശ പരിധി 36 നോട്ടിക്കൽ മൈലായി ഉയർത്തുന്നതിനു കേന്ദ്രത്തോട് ആവശ്യപ്പെടാൻ ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ യോഗം തീരുമാനിച്ചതായി മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ അറിയിച്ചു. യോഗത്തിൽ മഹാരാഷ്ട്ര മന്ത്രി മഹാദേവ ജഗനാഥ് ശങ്കർ, പുതുച്ചേരി മന്ത്രി മല്ലാദി കൃഷ്ണറാവു, കേന്ദ്ര ഫിഷറീസ് ഡവലപ്മെന്റ് കമ്മിഷണർ പി. പോൾ പാണ്ഡ്യൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ.ഗോപാലകൃഷ്ണൻ, സിഫ്റ്റ് ഡയറക്ടർ ഡോ സി.എൻ. രവിശങ്കർ എന്നിവർ പ്രസംഗിച്ചു.



ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനം കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ഹൈബി ഈഡൻ എംഎൽഎ, മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ തുടങ്ങിയവർ സമീപം.